ഉത്തരം

അപേക്ഷ ലഭിച്ചാൽ അത് പരിശോധിച്ച് വേണ്ട നടപടി എടുക്കുന്നതാണ്.

ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

423. [610] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എത്ര ബ്ലോക്കുകളിൽ ഐ. സി. ഡി. എസ് പ്രോജക്ടുകൾ ആരംഭിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ബി) അവ ഏതെല്ലാം ബ്ലോക്കുകളിൽ ?

ഉത്തരം

(എ) പുതുതായി 6 ബ്ലോക്കുകളിൽ ഐ. സി. ഡി. എസ്. പ്രോജക്ട് ആരംഭിക്കാമെന്ന് കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

(ബി) ബ്ലോക്കുകൾ ഏതെല്ലാമാണെന്ന് തീരുമാനിച്ചിട്ടില്ല.

അഴുത ഐ. സി. ഡി. എസ്. പ്രോജക്റ്റ്

424. [611] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴുത ബ്ലോക്കിൽ ഐ. സി. ഡി. എസ്. പ്രോജക്റ്റ് അനുവദിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ വർഷം ഏതെല്ലാം ബ്ലോക്കുകളിലാണ് ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങേണ്ടതെന്ന് തീരുമാനമായിട്ടില്ല.

425. [613] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് അഗതി പെൻഷൻ കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1986 മാർച്ച് 15 വരെ അഗതി പെൻഷൻ വകയിൽ എത്ര രൂപ കൊടുത്തു തീർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) 1986 മാർച്ച് 15 വരെ അഗതി പെൻഷൻ വകയിൽ കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശിക എത്ര ;

(ഡി) കുടിശ്ശിക മുഴുവനും എന്നു കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 69,844 പേർക്ക് അഗതി പെൻഷൻ നല്കുന്നുണ്ട്. ബാക്കി ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly